# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ – അടിയന്തിര സാഹചര്യങ്ങൾ തരണം ചെയ്യുന്നതിന് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുഴുവൻ നഗരസഭാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതിന് 500 (അഞ്ഞൂറ്) ജീവനക്കാരെ അഞ്ച് മാസക്കാലയളവിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2053/2017/തസ്വഭവ തീയതി, തിരുവനന്തപുരം : 20/06/2017

പരാമർശം : 14/06/2017 ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ 1-ാം നമ്പർ തീരുമാനം.

## ഉത്തരവ്

തിരുവനന്തപുരം നഗരത്തിലെ നിലവിലുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും, ബഹു.ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രിയുടെയും സാനിധ്യത്തിൽ 14/06/2017 ന് ഒരു യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, മറ്റ് തീരുമാനങ്ങളോടൊപ്പം തിരുവനന്തപുരം നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എയ്റോ ബിന്നുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ഒരു സെന്ററിൽ മൂന്ന് ഷിഫ്റ്റിൽ മൂന്ന് തൊഴിലാളികൾ എന്ന കണക്കിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും ചെയ്യാനുള്ള ആരോഗ്യവും സന്നദ്ധതയുമുള്ള 500 (അഞ്ഞൂറ്) തൊഴിലാളികളെ 5 (അഞ്ച്) മാസക്കാലയളവിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം പ്രകാരം തീരുമാനിക്കുകയുണ്ടായി.

2) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുഴുവൻ നഗരസഭാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതിനും, പ്രസ്തുത വിഷയത്തിന്റെ നിലവിലുള്ള അടിയന്തിര പ്രാധാന്യവും പരിഗണിച്ച്, തിരുവനന്തപുരം നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എയ്റോ ബിന്നുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ഒരു സെന്ററിൽ മൂന്ന് ഷിഫ്റ്റിൽ മൂന്ന് തൊഴിലാളികൾ എന്ന കണക്കിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും ചെയ്യാനുള്ള ആരോഗ്യവും സന്നദ്ധതയുമുള്ള, മാലിന്യ നിർമ്മാർജ്ജന

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ഏർപ്പെടാൻ കഴിയുന്ന 500 (അഞ്ഞൂറ്) തൊഴിലാളികളെ (ഒന്നാം ഘട്ടത്തിൽ 300 തൊഴിലാളികളെയും, രണ്ടാം ഘട്ടത്തിൽ 200 തൊഴിലാളികളെയും) 5 (അഞ്ച്) മാസക്കാലയളവിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ശുചിത്വ മിഷനുമായി ചേർന്ന് മാലിന്യ സംസ്കരണം ശാസ്ത്രീയവും നിയമാനുസൃതവുമായി ചെയ്യുന്നതിനുവേണ്ട പരിശീലനം നൽകണം. ബയോ ബിന്നുകളിൽ മാലിന്യം സംസ്കരിച്ചുണ്ടാകുന്ന ജൈവ വളം ഉപയോഗയോഗ്യമായി പായ്ക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ചെയ്യേണ്ടതാണ്. എയ്റോബിക് ബിന്നുകളിൽ നിന്നുണ്ടാകുന്ന കമ്പോസ്റ്റ് സൂക്ഷിക്കുന്നതിന് വേളിയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോലുള്ള സ്ഥലങ്ങളിൽ ഇതിനുവേണ്ടി സ്ഥലം കണ്ടെത്താൻ നഗരസഭ ശ്രമിക്കേണ്ടതാണ്.

4) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് തിരുവനന്തപുരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

എസ്.മോഹൻദാസ്
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ